(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

15-7-2005-ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(15-7-2005-ന് പി. കെ. വാസുദേവൻ നായരുടെ നിര്യാണം സംബന്ധിച്ച് റഫറൻസിനായി സഭ സമ്മേളിച്ചതുകൊണ്ട് അന്നത്തേക്ക് നിശ്ചയിച്ചിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്ന നിലയിൽ ചേർത്തിരിക്കുന്നു.)

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ഇന്ധനമായി പ്രകൃതിവാതകം ഉപയോഗിക്കുവാൻ നടപടി

1 [200] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:*

,, *എ. സി. മൊയ്തീൻ:*

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇന്ധനമായി ഡീസലിനു പകരം പ്രകൃതിവാതകം ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(ബി) പ്രകൃതിവാതകം ഉപയോഗിച്ച് ബസ്സുകൾ ഓടിക്കുന്നതിന്റെ സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ;

(സി) ഡീസലിനു പകരം പ്രകൃതിവാതകം ഉപയോഗിക്കാൻ കഴിഞ്ഞാൽ ചെലവിലുണ്ടാകുന്ന മാറ്റം താരതമ്യേന കുറവാണോ; വിശദമാക്കാമോ;

(ഡി) പുതുതായി വാങ്ങുന്ന ബസ്സുകൾ പ്രകൃതിവാതകം ഉപയോഗിച്ച് ഓടിക്കുന്ന നിലയിൽ രൂപകൽപ്പന നടത്തിയിട്ടുള്ളവയായിരിക്കാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഇതിനകം വാങ്ങിയ ഏതെങ്കിലും ബസ്സ് ഇപ്രകാരമുള്ളതാണോ; പുതിയ ബസ്സുകൾ വാങ്ങിയപ്പോൾ ഇക്കാര്യം പരിഗണിക്കുകയുണ്ടായോ എന്നറിയിക്കുമോ;

(എഫ്) ബസ്സുകളിൽ പ്രകൃതിവാതക ഇന്ധനം ഉപയോഗിക്കുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട കമ്പനിയുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രകൃതിവാതകം ഇപ്പോൾ കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ തൽക്കാലം ആലോചിക്കുന്നില്ല.

(ബി) ഇല്ല.

(സി) പ്രകൃതിവാതകം ഉപയോഗിക്കുന്നതുകൊണ്ട് ചെലവ് കുറയുന്നതായാണ് മറ്റു സംസ്ഥാനങ്ങളിൽ നടത്തിയ പഠനങ്ങളിൽനിന്നും മനസ്സിലാക്കുന്നത്.

(ഡി) ഇല്ല.

(ഇ) അല്ല. പ്രകൃതിവാതകം ലഭ്യമല്ലാത്തതിനാൽ ഇക്കാര്യം പരിഗണിച്ചിട്ടില്ല.

(എഫ്) ഇല്ല.

ജില്ലാ സഹകരണ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പ

2 [202] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*

,, *ഷിബു ബേബി ജോൺ:*

,, *ജോണി നെല്ലൂർ:*

,, *കെ. ബി. ഗണേഷ്കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ ഈട് കൂടാതെ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് ഓരോ ജില്ലാ ബാങ്കും എന്തു തുകവീതം നൽകിയിട്ടുണ്ട്;

(സി) ഇപ്രകാരം നൽകിയ തുക ആകെയുള്ള നിക്ഷേപത്തിന്റെ എത്ര ശതമാനം വരും;

(ഡി) വിദ്യാഭ്യാസ വായ്പ നൽകാൻ നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ ഈടില്ലാതെ പൊതുവിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly